പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1988

11.6.2018 ൽ
മറുപടിക്ക്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനത്തിനുള്ള പ്രായപരിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനുള്ള സ്പെഷ്യൽ റൂൾ പ്രകാരം സ്കീം ഒന്നിൽ സംവരണാനുകൂല്യത്തോടെ 37 വയസ്സുവരെയും,സ്കീം മൂന്നിൽ 49 വയസ്സുള്ളവരെയും നിയമനത്തിനായി പരിഗണിക്കുമ്പോൾ സ്കീം രണ്ടിൽ വരുന്ന നോൺഗസറ്റഡ് വിഭാഗക്കാർക്ക് 40 വയസ്സായി നിജപ്പെടുത്തിയതിന്റെ കാരണം വെളിപ്പെടുത്തുമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം സ്കീം II, സ്കീം III എന്നിവയിലെ നിയമനം ബൈ ട്രാൻസ്ഫർ (By transfer) മുഖേനയാണ്. ടി ചട്ടങ്ങളിലെ ഷെഡ്യൂൾ ഒന്നിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുകളിലും ടി ഷെഡ്യൂളിൽ ലിസ്റ്റ് ചെയ്തിട്ടുള്ള കോമൺ കാറ്റഗറികളിൽ (Common Categories) പ്പെടുന്ന തത്തുല്യ തസ്തികകളിലും ഒന്നാം ഗസറ്റഡ് തസ്തികളിലും അതിനുമുകളിലും ഉള്ള ജീവനക്കാർക്കാണ് സ്കീം III മുഖേനയുള്ള നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കുന്നത്. ആയതിനാലാണ് ടി വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നിന് 50 വയസ്സ് കഴിയുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. സ്കീം II-ൽ ഏതെങ്കിലും സർക്കാർ വകുപ്പുകളിലെ റഗുലർ ജീവനക്കാർ/Approved probationer ആയിട്ടുള്ള ജീവനക്കാർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. ആയതിനാൽ ടി സ്കീം മുഖേനയുള്ള നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നിന് 21 വയസ്സ് തികഞ്ഞിരിക്കണമെന്നും 40 വയസ്സ് കഴിയുവാൻ പാടില്ലെന്നും നിഷ്കർച്ചിരിക്കുന്നു. എന്നാൽ ടി സ്കീമിൽ OBC വിഭാഗങ്ങൾക്ക് 3 വർഷവും SC/ST വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ വയസ്സിളവ് അനുവദിച്ചിട്ടുണ്ട്. |

| | |
|---|---|
| ബി) സ്കീം രണ്ടിൽ വരുന്ന ഉദ്യോഗാർത്ഥികളുടെ പ്രായപരിധി ഉയർത്തുന്ന കാര്യം സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | ബി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ